കക്കറയിൽ ശ്രീധരന്റെ കൈവശഭൂമിക്ക് പട്ടയം

129(3051) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ, പട്ടാന്നൂർ, കന്നോത്ത്, ചെമ്മരശ്ശേരി പറമ്പിൽ വീട്ടിൽ ശ്രീ. കക്കറയിൽ ശ്രീധരൻ കൈവശഭൂമിക്ക് പട്ടയം നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എന്നാണ് അദ്ദേഹം സമർപ്പിച്ച അപേക്ഷ വകുപ്പിന് ലഭിച്ചത് ;

(സി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ അദ്ദേഹം അപേക്ഷ സമർപ്പിച്ചത് എന്നാണ് ;

(ഡി) അദ്ദേഹത്തിന്റെ അപേക്ഷ പരിഗണിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ഇ) ഇപ്പോൾ അദ്ദേഹത്തിന്റെ അപേക്ഷ ഏതു ഘട്ടത്തിലാണെന്നും പട്ടയം എപ്പോൾ ലഭ്യമാകുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 22-2-2012 തീയതിയിൽ കണ്ണൂർ ജില്ലാ കളക്ടർക്ക് അപേക്ഷ ലഭിച്ചിട്ടുണ്ട്.

(സി) 2011-ൽ.

(ഡി) അപേക്ഷ നിർദ്ദിഷ്ട കടികിടപ്പ് ഫോറത്തിലുള്ള ഹർജി അപേക്ഷകനിൽ നിന്നും വാങ്ങുവാനും റിപ്പോർട്ട് ലഭ്യമാക്കുന്നതിനുമായി സ്പെഷ്യൽ റവന്യൂ ഇൻസ്പെക്ടർക്ക് കൈമാറിയിട്ടുണ്ട്.

(ഇ) 22-2-2012-ന് ലഭിച്ച അപേക്ഷയിൽ ഒ.എ. 2/2012 നമ്പറായി കേസ് രജിസ്റ്റർ ചെയ്യുകയും പ്രസ്തുത കേസിൽ ആദ്യ വിചാരണ 17-4-2012-ൽ നടത്തുകയും അടുത്ത വിചാരണ 26-2-2015-ലേയ്ക്ക് നിശ്ചയിച്ചിരിക്കുകയുമാണ്. കടികിടപ്പ് അവകാശം തെളിയിക്കുന്ന മുറയ്ക്ക് പട്ടയം അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly